**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 803** **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയെ സംരക്ഷിക്കാൻ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സഹകരണ നിയമ പ്രകാരം നടത്തുന്ന അന്വേഷണങ്ങളിലോ, പരിശോധനയിലോ, ആഡിറ്റിലോ ക്രിമിനൽ സ്വഭാവത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയാൽ പ്രസ്തുത ക്രമക്കേട് നടത്തിയ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമം അനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ആഡിറ്റ് ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ടീം ആഡിറ്റ് വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ആഡിറ്റ് MATRIX–ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും, റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും, റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ആഡിറ്റർമാർക്ക് നല്കി വരുന്നു. ആഡിറ്റ് MATRIX ആഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.<br><br>സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ് ,സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നു |

| | | | |
|---|---|---|---|
| | | | വരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും, സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്രമായ നിയമഭേദഗതി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് &ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും (CAMIS)- ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ലഭ്യമാക്കിയിട്ടുണ്ട്.<br><br>സഹകരണ ആഡിറ്റ് കംപ്യൂട്ടർ വൽകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോമൺസോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനം മന്ദഗതിയിലായതും, പ്രവർത്തനം നിലച്ചതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി സഹകരണ സംരക്ഷണ നിധി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | കുടുംബത്തിൽ ഒരു കരുതൽധനം എന്ന പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | 'കുടുംബത്തിനൊരു കരുതൽ ധനം' എന്ന പദ്ധതി സംസ്ഥാനത്ത് പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ